## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2219** **16.08.2017-ൽ മറുപടിക്ക്**

## വയനാട്ടിലെ ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് നടപടി

| | ചോദ്യം<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | വയനാട്ടിലെ ചെട്യാലത്തൂർ, പുത്തൂർ, മണിമുണ്ട, ഞണ്ടൻകൊല്ലി, ഹസ്സൻ കൊല്ലി എന്നിവിടങ്ങളിലെ ആദിവാസി കോളനികളിലെ 244 കുടുംബങ്ങൾക്ക് ഇപ്പോഴും വൈദ്യുതി ലഭിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ചെട്യാലത്തൂര്, മണിമുണ്ട, പുത്തൂർ, പാമ്പൻ കൊല്ലി എന്നീ ആദിവാസി കോളനികളിലെ കുടുംബങ്ങൾക്ക് വൈദ്യുതി ,ലഭിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി കോളനികളിലേക്ക് വൈദ്യുതി എത്തിക്കുന്നതിന് വനത്തിലൂടെ വൈദ്യുതി ലൈൻ വലിക്കേണ്ടതുണ്ട്. ഇതിനായി വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാലാണ് വൈദ്യുതി ലഭ്യമാക്കാൻ സാധിക്കാത്തത്. വനം വകുപ്പിന്റെ അനുമതി ലഭ്യമാകുന്ന മുറക്ക് പ്രസ്തുത കോളനികളിലേക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്. ഞണ്ടൻ കൊല്ലി, ഹസ്സൻ കൊല്ലി എന്നീ പേരുകളിൽ കോളനികൾ കണ്ടെത്താൻ ആയിട്ടില്ല |
| (ബി) | സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപനം നടത്തിയ സാഹചര്യത്തിൽ ഈ കോളനികളിൽ അടിയന്തരമായി വൈദ്യുതി എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**